വേണ്ടി അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ അഭിപ്രായം ആലോചനയിലിരിക്കുകയാണ്.

ലേബർ മാന്വൽ.

* 260. [12] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിനു ബാധകമായ എല്ലാ ലേബർ നിയമങ്ങളേയും റൂളുകളേയും നോട്ടിഫിക്കേഷനുകളേയും ക്രോഡീകരിച്ചുകൊണ്ട് ഒരു ലേബർ മാന്വൽ പ്രസിദ്ധീകരിക്കണമെന്ന ആവശ്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; എന്തു നടപടികളെടുത്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) നമ്മുടെ സംസ്ഥാനത്തിനു ബാധകമായ എല്ലാ ലേബർ നിയമങ്ങളേയും റൂളുകളേയും നോട്ടിഫിക്കേഷനുകളേയും ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു ലേബർ മാന്വൽ പ്രസിദ്ധീകരിക്കണമെന്ന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതിലേക്ക് വേണ്ട നടപടികളെടുക്കുവാൻ ഗവണ്മെൻറുത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ലേബർ ഡിപ്പാർട്ടുമെൻറിൽ നിന്നും ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഇവിടെയുള്ള ലേബർ നിയമങ്ങളും മറ്റു പല നിയമങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കാം എന്ന മുഖ്യമന്ത്രി ഒരു വാഗ്ദാനം ചെയ്തിട്ടുള്ളതു് ഇതേവരെ നിറവേറ്റിയിട്ടില്ലാ എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം. വാഗ്ദാനം നിറവേറ്റാനുള്ള സമയം ഇനിയും കഴിഞ്ഞിട്ടില്ല.

Pay Commission

* 261. *[14] SHRI K. SATTANATHA KARAYALAR: Will the Chief Minister be pleased to state:

(*a*) whether the work of the Pay Commission has been completed;

(*b*) if so, what are its recommendations;

(*c*) if not, what are the reasons for the delay; and

(*d*) the time the Commission will take to complete its work?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) The work of the Pay Commission has been completed.

* As the member was absent, the Question was put by Shri Prakkulam Bhasi with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

(*b*) The Report is being considered.

(*c* & *d*) The work of the Commission has been completed. There are no delays.

ശ്രീ. പ്രാക്കുളം ഭാസി: കേകമ്മിഷന്റെ റിപ്പോർട്ടിൽ എൻ. ജി. ഒ. മാരുടെ കായ്ങ്ങളും ഒന്നംതന്നെ ന്യായമായ വിധത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാ എന്നു കേൾക്കുന്നതിൽ വല്ല വാസ്തവവുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ശരിയല്ല. എൻ. ജി. ഒ. മാരുടെ കായ്ങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഇല്ലാ എന്നാണ് അറിഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ അറിവു ശരിയല്ല.

ശ്രീ. പ്രാക്കുളം ഭാസി: കേകമ്മിഷൻ റിപ്പോർട്ടു് ഗവണ്മെൻറിനു് എന്നാണു സമർപ്പിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിഞ്ഞ ആഗസ്റ്റു് 25–ാംതീയതിയാണു്.

ശ്രീ. പ്രാക്കുളം ഭാസി: അന്നേ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഇതേവരെയായിട്ടും യാതൊരു തീരുമാനവും ചെയ്തിട്ടില്ലെന്നു് കേൾക്കുന്നു. അതിനുള്ള കാരണമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല ഞാൻ പറഞ്ഞതു്. അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുന്നു എന്നാണു്.

ശ്രീ. പ്രാക്കുളം ഭാസി: ഈ കേകമ്മിഷൻ എർപ്പെടുത്തിയതു് എന്തിനാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇതിനുമുൻപു് പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. പ്രാക്കുളം ഭാസി: പുതിയ ടൈംസ്കെയിൽ–അനുസരിച്ചു് സർക്കാർ ജീവനക്കാർക്കു് ഉണ്ടാകുന്ന പരാതികൾക്കു് പരിഹാരമുണ്ടാക്കുന്നതിലേക്കാണു് കേകമ്മിഷനെ നിയമിച്ചതു് എന്നു് മുൻപ പ്രസ്താവിച്ചതനുസരിച്ചു് ഇതേവരെയായിട്ടും ആ റിപ്പോർട്ടിന്മേൽ യാതൊരു നടപടികളും നടത്താതെയിരിക്കാൻ കാരണമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ റിപ്പോർട്ടു് ഗവണ്മെൻറിന്റെ പരിശോധനയിലിരിക്കുകയാണു്.

ശ്രീ. പ്രാക്കുളം ഭാസി: കേകമ്മിഷന്റെ റിപ്പോർട്ടു് അംഗീകരിക്കാത്തതിൽപ്പിന്നെ ജി. ഒ. മാരുടെ ഇടയിൽ പ്രതിഷേധം ഉണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ അറിഞ്ഞിട്ടില്ല. പ്രതിഷേധം ഇല്ലെന്നും അറിയാം.

ശ്രീ. പ്രാക്കുളം ഭാസി: കേകമ്മിഷനിലെ ഒരു ഉദ്യോഗസ്ഥന്റെ സ്വന്തത്തിലുള്ള ആൾ ജോലി നോക്കുന്ന ഡിപ്പാർട്ടുമെൻറിലെ ലിസ്റ്റുകളാണു് പരിശോധിച്ചിട്ടുള്ളതെന്നു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ആ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രസിദ്ധപ്പെടുത്തും.

ശ്രീ. ടി. കെ. ദിവാകരൻ : ഈ നിയമസഭയിൽ അതിനെപ്പറ്റി ചർച്ചയ്ക്ക് സൗകര്യം ലഭിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പോർട്ടിനെപ്പറ്റിയുള്ള കാര്യങ്ങൾ പരിശോധിച്ച് മനസ്സിലാക്കിയതിനുശേഷമേ ഇക്കാര്യം പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ : ഈ സെഷൻ അവസാനിക്കുന്നതിനു മുൻപ് റിപ്പോർട്ട് ലഭിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സെഷൻ തീരുന്നതിനുമുൻപ് തരാൻ സൗകര്യപ്പെടുകയില്ല.

SHRI A. A. D. LUIZ : Why does the Pay Commission refuse to consider the salaries of the Mascot Hotel staff ?

SHRI PANAMPILLI GOVINDA MENON : I have no information.

ശ്രീ. പി. നാരായണൻ പോറ്റി : പേക്കമ്മീഷന്റെ ശുപാർശകളെ അവിലംഘിച്ച് ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. പി. നാരായണൻപോറ്റി : ഈ സംസ്ഥാനത്ത് 1000രൂപയ്ക്കു മേൽ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കാൻ പാടില്ലെന്ന് പേക്കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളതിനെ വിഗണിച്ച് ഇപ്പോൾ ഹൈക്കോടതിയിലും മറ്റും ചില ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതായി കണ്ടു. അതുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 1000 രൂപയ്ക്കുമേൽ ശമ്പളം ഒരു ഉദ്യോഗസ്ഥനും കൊടുക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് പേക്കമ്മീഷനല്ല, ഗവണ്മെൻറാണ്.

ശ്രീ. എം. വി. ചെറിയാൻ : കണ്ടിൻജൻസി ജീവനക്കാരുടെ കാര്യം പേക്കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ അറിഞ്ഞുകൂടാ.

മനഃസിപ്പാലിറ്റീസ് ആക്റ്റ്

* 262. [17] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിസ്ട്രിക്ട് മുനിസിപ്പാലിറ്റീസ് ആക്ടിൽ ഭേദഗതികൾ വരുത്തുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly